(സി) പ്രാദേശിക ഭക്ഷ്യ വിഭവമെന്നതിലുപരി മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുള്ള വിഭവമെന്ന നിലയിൽ പ്രാധാന്യം നൽകി ചക്ക ഉപയുക്തമാക്കുന്നതിന് പത്തനംതിട്ട കൃഷി വിജ്ഞാനകേന്ദ്രം മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്.

ചക്കയുടെ പ്രാഥമിക സംസ്കരണം വഴി, സുലഭമായ കാലത്ത് ചക്ക ഉണക്കി സൂക്ഷിക്കുകയും ഇവ ഉപയോഗിച്ച് വർഷം മുഴുവൻ വിവിധ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കുള്ള വിഭവമെന്ന നിലയിൽ ഉപയോഗപ്പെടുത്താവുന്നതുമായ നിർമ്മാണ രീതികളുടെ സാങ്കേതിക പരിശീലനങ്ങൾ നൽകിവരുന്നു. തുടർന്ന് സംരംഭകർക്ക് ഉല്പന്ന വിപണനത്തിനാവശ്യമായ നിർദ്ദേശങ്ങളും അനുബന്ധ പരിപാടികളും നടപ്പിലാക്കിവരുന്നു.

ബില്ലിംഗ് സിസ്റ്റം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ

20 (*140) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബില്ലിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുസൃതമായ ഫണ്ട് വിനിയോഗം ഉറപ്പാക്കുമെന്ന് 2013-14-ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നുവോ ;

(സി) ബില്ലിംഗ് സിസ്റ്റം ഇതിന് അനുസരിച്ചുള്ളതാണോ ;

(ഡി) പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പ് ട്രഷറി നിയന്ത്രണങ്ങൾക്ക് വിധേയമാക്കുന്നതും അവയെ ഇതര സർക്കാർ വകുപ്പുകളെപ്പോലെ ആക്കുന്നതും അവയുടെ സ്വയംഭരണ പദവിയെ എങ്ങനെയാണ് ബാധിക്കുന്നത് ; ഇതിന് ഒരു മാറ്റം വരുത്താൻ തയ്യാറാകുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) ഈ സാമ്പത്തിക വർഷാരംഭം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർക്ക് നാലാം സംസ്ഥാന ധനകാര്യകമ്മീഷന്റെ ശുപാർശകളുടെ അടിസ്ഥാനത്തിൽ ലഭിക്കുന്ന സംസ്ഥാന ബജറ്റ് വിഹിതം നേരിട്ടു സംസ്ഥാന സഞ്ചിത

LIBRARY ARCHIVES Kerala Legislative Assembly

നിധിയിൽനിന്നും ലഭ്യമാക്കുന്ന രീതി നടപ്പിലാക്കിയിരിക്കുകയാണ്. ഇതനുസരിച്ച് വികസനത്തിനും അഭിവൃദ്ധിക്കുമായുള്ള ഫണ്ടിൽനിന്നും പണം പിൻവലിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകം ഒരുക്കിയിട്ടുള്ള "സംഖ്യ" കമ്പ്യൂട്ടർ സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന കണ്ടിജന്റ് ബിൽ, വൗച്ചറുകൾക്കൊപ്പം ട്രഷറിയിൽ ഹാജരാക്കേണ്ടതുണ്ട്. പൊതു ആവശ്യഫണ്ടിൽ നിന്നും പണം പിൻവലിക്കുന്നതിന് ട്രഷറി ചെക്ക് മതിയാകും.

(ബി) 2013-14 വർഷ സംസ്ഥാന ബജറ്റ് അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനമന്ത്രി "ഗ്രാമപഞ്ചായത്തുകൾ ശക്തിപ്പെടുത്തുന്നതിനായി താഴേത്തട്ടിൽ ധനലഭ്യത വർദ്ധിപ്പിക്കുന്ന നയം അഭംഗുരം തുടരും" എന്നു പ്രഖ്യാപിച്ചിരുന്നു.

(സി&ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതിയ രീതിയിൽ ഫണ്ട് പിൻവലിക്കുന്നത് അവയുടെ 'ഫണ്ട് വിനിയോഗ'ത്തിനു യാതൊരു തടസ്സവും സൃഷ്ടിക്കുന്നില്ല. പഞ്ചായത്തുകൾക്ക് മൂന്നു മാസങ്ങൾ വീതം മുൻകൂറായി പദ്ധതി പണത്തിന്റെ അലോട്ട്മെന്റ്, അതായത് മാർച്ച് 25-ാം തീയതിക്കു മുമ്പും ജൂലൈ, നവംബർ മാസങ്ങളിലുമായി നൽകുന്നുണ്ട്. ആയതിനാൽ പുതിയ രീതി പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിനെയോ സ്വയം ഭരണ പദവിയെയോ ബാധിക്കുന്നതായി കാണുന്നില്ല.

കാർഷിക രംഗത്തെ നൂതന സംരംഭങ്ങൾ

21 (*141) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. രാജു എബ്രഹാം :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക രംഗത്ത് സംസ്കരണത്തിനും മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവുമൂലം പ്രയാസം അനുഭവിക്കുന്ന കർഷകർക്ക് ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാകുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(സി) പൊതുമേഖലയിൽ ഇത്തരത്തിലുള്ള സംരംഭങ്ങൾ ഏതൊക്കെയാണ് ; അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; അവ എത്രത്തോളം തൃപ്തികരമാണ് ?

LIBRARY ARCHIVES Kerala Legislative Assembly